മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും, ബഹുമാനപ്പെട്ട സുപാലുമെല്ലാം പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഈ കേസിന്റെ കാര്യത്തിൽ ഞാൻ വ്യക്തിപരമായിത്തന്നെ കൂടുതൽ താൽപ്പര്യമെടുത്തു. ഡി.ജി.പി. യോട് നേരിട്ട് സംസാരിച്ചു, അതിന്റെ അടിസ്ഥാനത്തിൽ തമിഴ്നാട് ഗവൺമെന്റ് ഊർജ്ജിതമായ ചില ശ്രമങ്ങൾ നടത്തി, ചെന്നൈയിലെ അണ്ണാശാല സിറ്റി പോലീസ് സ്റ്റേഷനിൽ ഇക്കാര്യത്തിൽ ക്രൈം നമ്പർ 521/2003-ാം നമ്പരായി ഒരു കേസ് രജിസ്റ്റർചെയ്ത് വിശദമായ അന്വേഷണം നടത്തി പ്രതികളായ ആനന്ദ്, മുരളി, സതീശ്, അപ്പു, ഡ്രൈവർ സഞ്ജയ്, സ്വതന്ത്രനാഥൻ എന്നീ അഞ്ചുപേരെ അറസ്റ്റ്ചെയ്ത് കോടതിയിൽ ഹാജരാക്കി, കോടതി അവരെ റിമാന്റ് ചെയ്തിട്ടുള്ളതാണ്. തുടർന്നും തമിഴ്നാട് പോലീസ് വിശദമായ അന്വേഷണം നടത്തും എന്നാണ് അറിയിച്ചിട്ടുള്ളത്. ഗവൺമെന്റ് ഇക്കാര്യത്തിൽ പ്രത്യേക താൽപ്പര്യമെടുക്കും.

(7) വേട്ടുവൻ, പുലയവേട്ടുവൻ സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് ആനുകൂല്യം തുടർന്നും നൽകണമെന്ന ആവശ്യം

ശ്രീ. റ്റി. എൻ. പ്രതാപൻ : സർ, മലബാറിലെ വേട്ടുവൻ, പുലയവേട്ടുവൻ സമുദായങ്ങളെ പട്ടികജാതി ലിസ്റ്റിൽ നിന്നും കേന്ദ്രസർക്കാർ ഒഴിവാക്കിയതിനെത്തുടർന്ന് അവർക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭിക്കാത്തതുമൂലം ഇന്ന് മലബാർ മേഖലയിൽ ഏറെ അസ്വസ്ഥതയും ദുഖവും പ്രതിഷേധവും ഉണ്ടായിരിക്കുകയാണ്. പ്ലസ് വൺ, എഞ്ചിനീയറിംഗ്, മെഡിക്കൽ ഉൾപ്പെടെയുള്ള കോഴ്സുകളിലേക്ക് അഡ്മിഷൻ നടത്തിവരുന്ന സന്ദർഭത്തിൽ പാവപ്പെട്ട പട്ടികജാതി വിഭാഗത്തിൽപ്പെട്ട വേട്ടുവ സമുദായത്തിലെ പതിനായിരക്കണക്കിന് വരുന്ന വിദ്യാർത്ഥികൾക്ക് സംവരണാനുകൂല്യം ലഭിക്കാത്തതുകൊണ്ട് പ്രവേശനം ലഭിക്കാതെ വരികയാണ്. മാത്രമല്ല, ലംപ്സംഗ്രാന്റ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ലഭിച്ചതുകൊണ്ടുമാത്രമാണ് ഈ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠിക്കുവാനുള്ള സാഹചര്യം ഉണ്ടായിട്ടുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രത്യേകിച്ചും പാവപ്പെട്ടവരുടെയും, അധഃസ്ഥിതരുടെയും കാര്യത്തിൽ അങ്ങേയറ്റം താൽപ്പര്യം കാണിക്കുന്ന കേരളത്തിലെ രാഷ്ട്രീയ നേതാക്കൻമാരിൽ പ്രഥമഗണനീയനാണ് എന്ന കാര്യം നമുക്കെല്ലാവർക്കും അറിയാം. അതിൽ ഒരിക്കലും കക്ഷിപരിഗണനകളൊന്നും ഉണ്ടാകാറില്ല. ഈ കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ പ്രത്യേക താൽപ്പര്യമെടുത്തുകൊണ്ട് ഈ വിഭാഗത്തെ പട്ടികജാതി ലിസ്റ്റിൽ നിന്നും ഒഴിവാക്കിയ കേന്ദ്രഗവൺമെന്റ് നടപടി തിരുത്തുന്നതിനുവേണ്ടി സമ്മർദ്ദം ചെലുത്തിവരികയാണെന്നും അറിയാം. ഈ സന്ദർഭത്തിൽ ഈ വിഭാഗത്തിൽപ്പെട്ട പാവപ്പെട്ട വിദ്യാർത്ഥികൾക്ക് കഴിഞ്ഞ നിരവധി വർഷങ്ങളായി ലഭിച്ചുവരുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾ തുടർന്നും ലഭിക്കുവാനും സ്കൂൾ, കോളേജ് പ്രവേശനങ്ങളിൽ അവർക്ക് ലഭിച്ചുവരുന്ന പ്രവേശനത്തിനുള്ള സംവരണാനുകൂല്യം നിലനിർത്തുവാനും വേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രത്യേകം താൽപ്പര്യമെടുത്ത് നടപടി ഉണ്ടാക്കണമെന്ന് വളരെ വിനയത്തോടുകൂടി അഭ്യർത്ഥിക്കുകയാണ്. ഇത് ഒരു സാമൂഹ്യപ്രശ്നമാണ്, കേരളത്തിലെ മലബാർ മേഖലയിലെ ലക്ഷക്കണക്കിനുവരുന്ന ആളുകളെ അങ്ങേയറ്റം ദുഃഖത്തിലും വികാരത്തിലും ആഴ്ത്തിയിട്ടുള്ള പ്രശ്നമാണ് ഇത്. സംസ്ഥാനതലത്തിൽ മലബാർ മേഖലയിൽ വ്യാപകമായി പ്രക്ഷോഭം നടന്നുകൊണ്ടിരിക്കുകയാണ്. ഇതിന്റെ പ്രത്യേകത കണക്കിലെടുത്തുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പാവപ്പെട്ടവരുടെയും, അധഃസ്ഥിതരുടെയും കാര്യത്തിൽ കാണിക്കുന്ന താൽപ്പര്യം ഇതിലും പ്രത്യേകം കാണിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : സർ, ബഹുമാനപ്പെട്ട മെമ്പർമാരായ ശ്രീ. ടി. എൻ. പ്രതാപനും, എ. പി. അനിൽകുമാറും കഴിഞ്ഞ കുറേ ദിവസങ്ങളായി ഈ പ്രശ്നവുമായി എന്റെ പിന്നാലെ കൂടിയിരിക്കുകയാണ്. അവരുടെ നിർബ്ബന്ധങ്ങളും അതുപോലെതന്നെ പട്ടികജാതി സംഘടനകളുടെയെല്ലാം നിർബ്ബന്ധങ്ങളും കാരണം ബഹുമാനപ്പെട്ട കുട്ടപ്പൻ മുൻകൈയെടുത്ത് ഈ പ്രശ്നം പരിഹരിക്കാനുള്ള നടപടികൾ ആദ്യമേതന്നെ ആരംഭിച്ചിട്ടുണ്ട്. മന്ത്രിസഭ ഇക്കാര്യം ചർച്ചചെയ്യുകയും, ഈ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കാനുള്ള ചില നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 18-12-2002-ലെ ഇൻഡ്യാ ഗവൺമെന്റിന്റെ ഗസറ്റിൽ വിജ്ഞാപനം ചെയ്ത ഭരണഘടനാ ഉത്തരവുപ്രകാരം വേട്ടുവൻ, പുലയ വേട്ടുവൻ സമുദായത്തെ പഴയ കൊച്ചി സംസ്ഥാനത്തു മാത്രം പട്ടികജാതിയായി പരിമിതപ്പെടുത്തിയിരിക്കുന്നു. തൻമൂലം പഴയ കൊച്ചി സംസ്ഥാനത്തൊഴികെയുള്ള സ്ഥലങ്ങളിലുള്ള വേട്ടുവൻ, പുലയവേട്ടുവൻ സമുദായം പട്ടികജാതി അല്ലാതായിരിക്കുന്നു. ഇപ്രകാരം പ്രാദേശിക നിയന്ത്രണം ഏർപ്പെടുത്തിയത് സമുദായത്തിന്റെ പൊതുവായ താൽപ്പര്യങ്ങൾക്ക് ഹാനികരമാണെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് 25-6-2003-ൽ ചേർന്ന മന്ത്രിസഭാ യോഗം ഇക്കാര്യം വിശദമായി പരിശോധിക്കുകയും, വേട്ടുവൻ, പുലയവേട്ടുവൻ സമുദായത്തെ സംസ്ഥാനത്ത് പട്ടികജാതിയായി നിലനിർത്തി ഉത്തരവുണ്ടാകണമെന്ന് കേന്ദ്ര സർക്കാരിനോട് ശുപാർശചെയ്യാൻ തീരുമാനിക്കുകയും ചെയ്തു. അടിയന്തിര പ്രാധാന്യം ഉള്ളതിനാൽ ഇക്കാര്യത്തിൽ ഒരു ഓർഡിനൻസ് പുറപ്പെടുവിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ശുപാർശ ചെയ്യുവാനാണ് തീരുമാനിച്ചിട്ടുള്ളത്. കൂടാതെ കേന്ദ്രസർക്കാർ തീരുമാനം ഉണ്ടാകുന്നതുവരെ ഒരു താൽക്കാലികാശ്വാസം എന്ന നിലയ്ക്ക് പഴയ കൊച്ചി സംസ്ഥാനം ഒഴികെയുള്ള പ്രദേശങ്ങളിൽ വസിക്കുന്ന പ്രസ്തുത സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കും പട്ടികജാതിക്കാർക്ക് അനുവദനീയമായ എല്ലാ വിദ്യാഭ്യാസാനുകൂല്യങ്ങളും മുൻകാലങ്ങളിലെ പോലെ ലഭ്യമാക്കുന്നതിനുവേണ്ടി ടി സമുദായത്തെ ഒ.ഇ.സി. ലിസ്റ്റിൽ ഉൾപ്പെടുത്താനും തീരുമാനമായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly